റവന്യൂ വരുമാനത്തിന്റെയും കേന്ദ്രവിഹിതത്തിന്റെയും വർഷം തിരിച്ചുള്ള കണക്കുകൾ

14 [471] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിൽ കേരള സംസ്ഥാനത്തിന്റെ ആകെ പൊതുകടം എത്ര രൂപ ആയിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ സംസ്ഥാനത്തിന്റെ മൊത്തം പൊതുകടം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) 2001 മേയ് മാസത്തിനുശേഷം നാളിതുവരെയായി ഏതെല്ലാം ധനകാര്യ ഏജൻസികളിൽ നിന്നുമാണ് സർക്കാർ വായ്പകളെടുത്തിട്ടുള്ളതെന്നും പ്രസ്തുത വായ്പകൾ ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് എടുത്തതെന്നും ഏത് ആവശ്യങ്ങൾക്ക് വിനിയോഗിക്കുകയുണ്ടായെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-4-2001-ൽ സംസ്ഥാനത്തിന്റെ ആകെ പൊതുകടം 23919 കോടി രൂപ ആയിരുന്നു.

(ബി) നടപ്പ് സാമ്പത്തിക വർഷത്തിൽ 31-12-2005 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. ഇതുൾപ്പെടെ 31-12-2005 വരെ സംസ്ഥാനത്തിന്റെ പൊതുകടം 44350 കോടി രൂപയായി കണക്കാക്കിയിരിക്കുന്നു.

(സി) 1-4-2001-ന് ശേഷം നാളിതുവരെയായി സംസ്ഥാന സർക്കാർ എൽ. ഐ. സി., ജി. ഐ. സി., നബാർഡ്, എൻ. സി. ഡി. സി., ബാങ്കുകൾ മുതലായ ധനകാര്യ ഏജൻസികളിൽ നിന്ന് വായ്പയെടുത്തിട്ടുണ്ട്. താഴെ പ്രതിപാദിച്ചിരിക്കുന്ന ആവശ്യങ്ങൾക്കായിട്ടാണ് മേൽ ധനകാര്യ ഏജൻസികളിൽ നിന്നും വായ്പകൾ എടുത്തിട്ടുള്ളത്.

1. എൽ. ഐ. സി. - ഭവന നിർമ്മാണം, വൈദ്യുതി മേഖല
2. ജി. ഐ. സി. - ഭവന നിർമ്മാണവും അഗ്നിശമന പ്രവർത്തനങ്ങൾക്കും
3. എൻ. സി. ഡി. സി. - സഹകരണ മേഖല
4. നബാർഡ് - കൃഷി, പൊതുമരാമത്ത്, ജലസേചനം, വിനോദസഞ്ചാരം

മേൽ വായ്പകൾ അതാത് മേഖലകളിൽ വിനിയോഗിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ എ. ഡി. ബി. വായ്പ

15 [472] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എ. ഡി. ബി. യിൽ നിന്ന് എത്ര തവണ വായ്പ വാങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ തവണയും ലഭിച്ച വായ്പാതുക എത്ര; ഇതിന്റെ പലിശ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(സി) വായ്പ വാങ്ങുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരും എ. ഡി. ബി. യും തമ്മിലുണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ഗവൺമെന്റിന് എ. ഡി. ബി. യിൽ നിന്നും കേന്ദ്ര സർക്കാർ വഴി സാമ്പത്തിക പരിഷ്കരണത്തിനും ഭരണ നവീകരണത്തിനുമായി രണ്ട് തവണ വായ്പ ലഭിച്ചിട്ടുണ്ട്.

(ബി) ഒന്നാം തവണ ലഭിച്ച തുക 601.30 കോടി രൂപ രണ്ടാം തവണ ലഭിച്ച തുക 435.20 കോടി രൂപ എ. ഡി. ബി. യിൽ നിന്ന് കേന്ദ്ര സർക്കാർ വഴി ലഭിച്ച വായ്പ 9 ശതമാനം പലിശ സഹിതം തിരിച്ചടയ്ക്കണം.

(സി) സാമ്പത്തിക പരിഷ്കരണത്തിനും ഭരണ നവീകരണത്തിനും ലഭിക്കുന്ന വായ്പയുടെ കരാറിലെ വ്യവസ്ഥകൾ അനുബന്ധം (1)-ൽ † കൊടുത്തിട്ടുള്ള പോളിസി മാട്രിക്സിൽ കാണാവുന്നതാണ്.

സംസ്ഥാന സർക്കാർ വായ്പ എടുത്തിട്ടുള്ള ഏജൻസികൾ

16 [473] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ 2006 ജനുവരി 15 വരെയുള്ള കടബാദ്ധ്യത മൊത്തം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം ഏജൻസികളിൽ നിന്നാണ് കടം എടുത്തിട്ടുള്ളത്;

(സി) എ. ഡി. ബി. വായ്പ ഇനത്തിൽ ഇതുവരെ ലഭിച്ച തുക എത്ര; ഇനി എത്ര തുക കിട്ടാനുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷത്തിൽ 31-12-2005 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. ഇതുൾപ്പെടെ 31-12-2005 വരെ സംസ്ഥാനത്തിന്റെ പൊതുകടം 44350 കോടി രൂപയാണ്.

(ബി) എൽ. ഐ. സി., ജി. ഐ. സി., നബാർഡ്, എൻ. സി. ഡി. സി. എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നാണ് സർക്കാർ കടം എടുത്തിട്ടുള്ളത് കൂടാതെ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന വായ്പകളും പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും മൊത്തം കടത്തിൽ ഉൾപ്പെടും.

(സി) എ. ഡി. ബി. യിൽ നിന്നും സാമ്പത്തിക പരിഷ്കരണത്തിനും ഭരണ നവീകരണത്തിനുമായി 225 മില്യൻ ഡോളർ (1036.50 കോടി രൂപ) കേന്ദ്ര സർക്കാർ വഴി ഇതുവരെ ലഭിച്ചിട്ടുണ്ട്. ഇനി ഈ ഇനത്തിൽ തുകയൊന്നും ലഭിക്കാനില്ല. എന്നാൽ സുനാമി എമർജൻസി അസിസ്റ്റൻസ് പദ്ധതി പ്രകാരം 245.46 കോടി രൂപ ലഭിക്കാനുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly